KERALA REGION LATIN CATHOLIC COUNCIL
St. Joseph's Pontiphical Seminary, Carmelgiri, P.B. No 604,
Aluva - 683102. Kerala, India.
Tel 0484-2603705, Fax 0484 - 2608833, krlcc@hotmail.com, www.krlcc.org

President :
His Grace Most. Rev. Dr. Soosapakiam M.

General Secretary:
Rev. Fr.Stephen Kulakayathil

# അവകാശ പ്രഖ്യാപന കൺവെൻഷനും കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ പതിനാറാമത് സമ്മേളനവും

'രാഷ്ട്രീയ നീതി - സമഗ്രവികസനം - നവസമൂഹം' എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ പതിനാറാമത് സമ്മേളനവും, അവകാശ പ്രഖ്യാപന കൺവെൻഷനും തിരുവനന്തപുരത്ത് വച്ച് ജൂലൈ 9,10,11 തീയതികളിൽ സംഘടിപ്പിച്ചിരിക്കുന്നു. ജൂലൈ 11-ാംതീയതി സെന്റ് ജോസഫ് സ്കൂൾ ആഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ചിരിക്കുന്ന അവകാശ പ്രഖ്യാപന കൺവെൻഷൻ ബഹു മുൻ കേന്ദ്ര മന്ത്രി ശ്രീ. ഓസ്കാർ ഫെർണാന്റെസ് ഉദ്ഘാടനം ചെയ്യും. അഭിവന്ദ്യ മോസ്റ്റ് റവ. ഡോ. സൂസപാക്യം എം അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ വാരാപ്പുഴ അതിരൂപതാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ അനുഗ്രഹ പ്രഭാഷണം നടത്തും. കെ.ആർ.എൽ.സി.സി. അവകാശ പത്രികയോട് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ശ്രീ. തോമസ് ഐസകും ബഹുമാനപ്പെട്ട പ്രതിപക്ഷഉപനേതാവ് ജി. കാർത്തികേയൻ എം.എൽ.എ.യും പ്രതികരിക്കും. ശ്രീ. ജോർജ്ജ് മേഴ്സിയർ എം. എൽ. എ., ശ്രീ. ഷാജി ജോർജ്ജ്, ശ്രീ. ജോസഫ് സ്റ്റാൻലി, അഡ്വ. റാഫേൽ ആന്റണി എന്നിവർ പ്രതികരണവും നടത്തും.

ജൂലൈ 9-ാം തീയതി രാവിലെ 10.30 മണിക്ക് വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ ഹാളിൽ വച്ച് നടക്കുന്ന പ്രാരംഭ സമ്മേളനം അഭിവന്ദ്യ ഫ്രാൻസിസ് കല്ലറയ്ക്കൽ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. അഭിവന്ദ്യ സൂസപാക്യം മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിക്കും. ബഹുമാനപ്പെട്ട നിയമ വകുപ്പ് മന്ത്രി ശ്രീ. എം. വിജയകുമാർ, ബഹുമാനപ്പെട്ട തിരുവനന്തപുരം പാർലമെന്റ് അംഗം ഡോ. ശശിതരൂർ എന്നിവർ സന്ദേശം നൽകും.

'ജനപങ്കാളിത്തത്തിലൂടെ രാഷ്ട്രീയനീതി' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് കഴിഞ്ഞ ഒരു വർഷക്കാലമായി കണ്ണൂർ രൂപത മുതൽ നെയ്യാറ്റിൻകര രൂപതവരെയുള്ള പ്രദേശങ്ങളിൽ പഠനങ്ങളും, ചർച്ചകളും, സംവാദങ്ങളും സംഘടിപ്പിക്കുകയും യുവജന സംഘാടനത്തിലും, സ്ത്രീ ശക്തീകരണ രംഗത്തും, മത്സ്യത്തൊഴിലാളികളുടെയും, കെട്ടിടനിർമ്മാണത്തൊഴിലാളികളുടെയും, തോട്ടം തൊഴിലാളികളുടെയും, ചെറുകിട കർഷകരുടെയും പ്രശ്നങ്ങൾ ഏറ്റെടുത്ത് പ്രവർത്തിച്ചുവരുന്ന പ്രസ്ഥാനമാണ് കെ.ആർ.എൽ.സി.സി. സംസ്ഥാനത്തെ പാർശ്വവൽക്കരിക്കപ്പെട്ട, പീഡിത ജനവിഭാഗങ്ങളുടെ ഉയർത്തെഴുന്നേൽപ്പിനും, അവകാശ പോരാട്ടങ്ങൾക്കുമാണ് ഈ സംവിധാനം മുൻതൂക്കം നൽകിവരുന്നത്. നാളിതുവരെ സാമൂഹിക നീതി നിഷേധിക്കപ്പെട്ട സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ ഒതുക്കപ്പെട്ട ഈ ജനവിഭാഗങ്ങൾക്ക് ഭരണ നിർവ്വഹണം, നയരൂപീകരണം, നിയമ നിർമ്മാണം, നീതിനിർവ്വഹണം തുടങ്ങിയ രംഗങ്ങളിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തിക്കൊണ്ട് ദളിത്, ആദിവാസി, മത്സ്യത്തൊഴിലാളി, പിന്നോക്ക ജനവിഭാഗങ്ങളുടെ സാമൂഹിക സാംസ്കാരിക, വിദ്യാഭ്യാസ, രാഷ്ട്രീയ മുന്നേറ്റമാണ് കെ.ആർ.എൽ.സി.സി. വിഭാവന ചെയ്യുന്നത്. കൂടാതെ, വരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ കോർപ്പറേഷൻ, മുൻസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ, എന്നിവയിൽ അർഹമായ ഭരണ പ്രാതിനിധ്യം നൽകണമെന്നും, പ്രത്യേകിച്ച് ലത്തീൻ ജനതയുടെ അവകാശങ്ങൾ നടപ്പിലാക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സന്നദ്ധമാകണമെന്നും അവകാശ പത്രികയിലൂടെ ആവശ്യപ്പെടും. അല്ലാത്തപക്ഷം ബദൽ രാഷ്ട്രീയ പ്രക്രിയയെപ്പറ്റി ചിന്തിക്കാനും രാജ്യത്ത് രൂപപ്പെടുന്ന ദളിത-പിന്നോക്ക സമുദായങ്ങളുടെ മുന്നേറ്റ പ്രക്രിയയിൽ പങ്കുകാരാകാൻ

സമയോചിതമായ തീരുമാനം കൈക്കൊള്ളുവാനും നിർബന്ധിതരാകും. ഇതിനുവേണ്ട ഇച്ഛാശക്തിയും കരുത്തും ഈ സമുദായത്തിനുണ്ടെന്ന് അവസരോചിതമായ നിലപാടിലൂടെ ഈ സമുദായം വ്യക്തമാക്കും.

കെ.ആർ.എൽ. സി. സി. സമ്മേളനം, 'പഞ്ചായത്ത് രാജും പ്രാദേശിക വികസനവും' എന്ന ചർച്ചയിലൂടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയും, വികസന പദ്ധതികളിലെ പങ്കാളിത്തത്തിന്റെ അപര്യാപ്തത, പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വേണ്ട നടപടികൾ, പഞ്ചായത്തുകൾതോറും വികസന രേഖകൾ തയ്യാറാക്കിക്കൊണ്ട് പ്രാദേശിക വികസനത്തിലും കൂട്ടായ്മയിലും അധിഷ്ഠിതമായ നവ സമൂഹ രൂപീകരണം എന്നിവയെക്കുറിച്ച് ചർച്ചചെയ്യും. കൂടാതെ ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ കരുത്തും, പോരായ്മകളും ചർച്ചചെയ്യുകയും കുറവുകൾ നികത്തി നിയമം വിഭാവനം ചെയ്യുന്ന വിദ്യാഭ്യാസ മുന്നേറ്റം രാജ്യത്തെ പീഡിത ജനവിഭാഗങ്ങൾക്ക് ഉറപ്പു വരുത്തുന്ന പ്രക്രിയയിൽ പങ്കാളികളാകാനുള്ള നടപടികളും സമ്മേളനം പഠന വിധേയമാക്കും. ചർച്ചകൾക്ക് മുൻ വിദ്യാഭ്യാസ ഡയറക്ടർ ലിഡാജേക്കബ് നേതൃത്വം നൽകും. ഫാ. സേവ്യർ കുടിയാംശ്ശേരി, ഡോ. എഡ്വേർഡ് എടേഴത്ത് എന്നിവർ വിഷയാവതരണം നടത്തും. 16-ാമത് കെ.ആർ.എൽ.സി.സി. സമ്മേളനം ലത്തീൻ ജനതയ്ക്ക് ജനപങ്കാളിത്തത്തിലധിഷ്ഠിതമായ രാഷ്ട്രീയ നീതി ഉറപ്പുവരുത്താനുതകുന്ന മേഖലകളെ സ്പർശിച്ചുകൊണ്ടുള്ള അവകാശപത്രിക ചർച്ചാവിഷയമാക്കുകയും, 11-ാം തീയതി ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ആനിമസ്ക്രീൻനഗറിൽ (സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ) വച്ച് നടക്കുന്ന അവകാശപ്രഖ്യാപന കൺവെൻഷനിൽ അവതരിപ്പിക്കുകയും ചെയ്യും. സമ്മേളനത്തിൽ 11 ലത്തീൻ രൂപതകളിൽ നിന്നും അയ്യായിരത്തിലേറെ പ്രതിനിധികൾ പങ്കെടുക്കും.